(iii) സംയോജിത ശിശുവികസന പദ്ധതി.

(iv) സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്. മൂന്നാം ഘട്ടം)

(v) ഉഭിഷാ ട്രെയിനിംഗ് പ്രോഗ്രാം.

(vi) നാഷണൽ ന്യൂട്രീഷൻ പ്രോഗ്രാം.

(vii) ദേശീയ കുടുംബക്ഷേമ പദ്ധതി.

(ബി) (2) സംയുക്ത പദ്ധതികൾ:

(i) ദേശീയ വാർദ്ധക്യകാല പെൻഷൻ (68% കേന്ദ്രാവിഷ്കൃത പദ്ധതി).

(ii) ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും അന്തേവാസികളുടെ ഡീ ഇൻസ്റ്റിറ്റ്യൂഷനലൈസേഷനും (50% സി. എസ്. എസ്)

(iii) ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം നിരീക്ഷണ ഭവനങ്ങൾ സ്ഥാപിക്കുക (50% സി. എസ്. എസ്).

(സി) നാഷണൽ ന്യൂട്രീഷൻ പ്രോഗ്രാം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച് ലഭിക്കാൻ കേന്ദ്രാനുമതി ഇല്ലാത്തതാണ് ഇതിനു കാരണം.

(ഡി) കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പരമാവധി കേന്ദ്ര സഹായം നേടിയെടുക്കാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ നടപടി

*14 [481] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീമതി രാധാരാഘവൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന എത്ര തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ട എത്രപേർക്ക് തൊഴിൽ ലഭിച്ചു;

(സി) ഇനി എത്ര തോട്ടങ്ങൾ പൂട്ടിക്കിടപ്പുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ അസ്സാം ബ്രൂക്കിന്റെ കീഴിലുള്ള നാല് എസ്റ്റേറ്റുകൾ തുറന്നു പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 1662 പേർക്ക് തൊഴിൽ ലഭിച്ചു.

(സി) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളിലായി 26 തോട്ടങ്ങൾ പുട്ടിക്കിടപ്പുണ്ട്.

അഗതികളുടെയും അവശ വിഭാഗങ്ങളുടെയും സംരക്ഷണത്തിനായി പുതിയ പദ്ധതി

*15 [482] ശ്രീ. വി. കെ. ചന്ദ്രൻ :
,, എ. സി. മൊയ്തീൻ :
,, ടി. കെ. ബാലൻ :
,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമൂഹത്തിലെ അഗതികളുടെയും അവശ വിഭാഗങ്ങളുടെയും സംരക്ഷണത്തിനായി സർക്കാർ പുതുതായി എന്തങ്കിലും പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി ഈ വർഷം നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ച പദ്ധതിക്ക് പൂർണ്ണരൂപം നൽകിയിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് ഈ വർഷം എത്ര തുക ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി; എത്ര തുക ഇതിനകം ചെലവഴിക്കുകയുണ്ടായി;

(ഡി) കുടുംബശ്രീ പദ്ധതിയും, നിർദ്ദിഷ്ട പദ്ധതിയും തമ്മിൽ എന്തെങ്കിലും സാദൃശ്യം ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സാധുക്കളായ ജനങ്ങൾക്ക് ആവശ്യഘട്ടങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമാകുന്നതിന് ഉദ്ദേശിച്ചുകൊണ്ട് "സാമൂഹ്യ സുരക്ഷിതത്വ ഫണ്ട്" എന്ന പേരിൽ ഒരു സാമൂഹ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly